# ബാലരാമായണം.

## ബാലകാണ്ഡം.

---

എൻ. കുമാരൻ ആശാൻ.

---

"എസ്സ്. ആർ. ബുക്ക്ഡിപ്പോ"
തിരുവനന്തപുരം

—:o:—

൨-ാം പതിപ്പ് — കാപ്പി ൩൦൦൦൦.

---

പകർപ്പവകാശം

---

കൊല്ലം "വിദ്യാഭിവർദ്ധിനി" അച്ചുക്കൂടത്തിൽ
അച്ചടിപ്പിച്ചതു്.

൧൦൯൮.

ൾ.
(വില ച ൧.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിർമ്മിതമാകുന്നു.

# മുഖവുര.

ഈ കൃതിയെഴുതുന്നതിൽ രണ്ടുസംഗതികളാണു് പ്രധാനപ്രേരകങ്ങളായിരുന്നിട്ടുള്ളതു്. ഒന്നു ഉൽകൃഷ്ടമായ രാമായണത്തിലെ കഥാസാരം പാട്ടുള്ളത്ര പ്രകൃത്യനുരൂപമായ വിധത്തിൽ ബാലഹൃദയങ്ങളിൽ പ്രതിഫലിപ്പിക്കുക. മറേറതു വലിയപദ്യകൃതികൾ വായിച്ചുരസിപ്പാൻ കുട്ടികളുടെ മനസ്സിൽ കൌതുകം ജനിപ്പിക്കുക. ഈ ഉദ്ദേശങ്ങളെ മുൻനിൎത്തി കഥാപാത്രങ്ങളുടെ സ്വഭാവാദികളെ ഒരുവിധം സൂക്ഷിച്ചു ഈ കൃതിയിൽ വെളിപ്പെടുത്തീട്ടുണ്ടു്. ബാഹ്യപ്രകൃതിയേയും മാനസികഭാവങ്ങളേയും സംബന്ധിച്ചു അവിടവിടെ പ്രകൃതത്തിന്നനുസരിച്ചു അല്പാല്പമായ ചില വൎണ്ണനകളും ചെയ്തിട്ടുണ്ടു്. ഈ രീതിയിൽ രാമായണം മുഴുവൻ എഴുതി പ്രസിദ്ധപ്പെടുത്താനാണു് വിചാരിക്കുന്നതു്. വാല്മീകിരാമായണത്തിൻെറ ച്ഛായയും രസവും പാട്ടുള്ളത്ര ഈ ചെറിയ കൃതിയിൽ വരുത്താൻ നോക്കുന്നതുമാണു്. മഹാജനങ്ങളുടെ ദയാപൂൎവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു് ബാലകാണ്ഡം തൽക്കാലം പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താ

എൻ. കുമാരൻ ആശാൻ.

തിരുവനന്തപുരം.
൧൦൯൦—ചിങ്ങം ൧-ാനു-

# ബാലരാമായണം.

## ബാലകാണ്ഡം.

ശ്രീരാമചന്ദ്രചരിതം
ശോഭനം ബാലരൊക്കവേ
ശ്രദ്ധിച്ചുകേൾപ്പിൻ സരസം
ചൊൽവൻ ലളിതഭാഷയിൽ. ൧

പണ്ടുകോസലരാജ്യത്തിൽ
പേരെഴുന്നൊരയോദ്ധ്യയിൽ
മന്നവന്മാർ വാണിരുന്നു
മനുവിൻ തറവാട്ടുകാർ. ൨

ശിഷ്ടരെത്താങ്ങിരക്ഷിച്ചും
ദുഷ്ടരെക്കീഴടക്കിയും
ക്ഷത്രിയന്മാരവർ ചിരം
ക്ഷോണിയിൽ കീർത്തിതേടിനാർ. ൩

ശക്തിയും ഗുണവും കൊണ്ടു
ചൊല്ലാർന്നച്ചക്രവർത്തിമാർ
പ്രജാക്ഷേമത്തെമുൻനിർത്തി-
പ്പാരടക്കിബ്ഭരിച്ചിതേ. ൪

കകുൽസ്ഥൻരഘുവെന്നോരോ
കാരണോന്മാരിൽ നിന്നിവർ
കാകുൽസ്ഥന്മാർ രാഘവന്മാ-
രെന്നൊക്കെ പേരുമാൎന്നിതു. ൬

ആവംശത്തിൽ ദശരഥ-
നെന്നചൊല്ലാൎന്നമന്നവൻ
മൂന്നുവേളികഴിച്ചിട്ടും
മക്കളില്ലാതെ മാഴ്കിനാൻ. ൭

വാൎദ്ധക്യം വരുമാറായി
വലഞ്ഞു നൃപനേററവും;
ഗൎഭംധരിച്ചു ദൈവാനു-
കൂല്യത്താലനുരാജ്ഞിമാർ. ൮

ഫലിച്ചഭാഗ്യവൃക്ഷത്തിൻ
മൂന്നുശാഖകൾപോലവേ
ഗൎഭമേലുംപത്നിമാരെ
കണ്ടുമോദിച്ചിതേ നൃപൻ. ൯

കൌസല്യ ആദ്യയിവരിൽ
പിന്നെക്കൈകേയിദേവിയാൾ
സുമിത്ര മൂന്നാമത്തേവൾ
മൂവരും മോഹനാംഗിമാർ. ൰

കാലംതികഞ്ഞു കൌസല്യ
പെററിതോമൽകുമാരനെ
പിന്നെക്കൈകേയിയുംപെററു
പെററു മറേറാളിരട്ടയും. ൧൧

മോദിച്ചു രാമനെന്നേകി
മൂത്തപുത്രന്നു പേർ നൃപൻ
ഓമനപ്പേരായിരാമ-
ചന്ദ്രനെന്നവനെന്നുമേ. ൨൧

കൈകേയിതൻ കിടാവിന്നു
നൽകീ ഭരതനെന്നുപേർ
നൽകീ ലക്ഷ്മണ ശത്രുഘ്ന-
നാമങ്ങളിതരർക്കുമേ. ൨൨

വളർന്നുമെല്ലെബ്ബാലന്മാർ
വിളങ്ങീ രാജമന്ദിരം
ചന്ദ്രനക്ഷത്രങ്ങൾകൊണ്ടി-
ത്തെളിയും ദ്യോവുപോലവേ. ൨൩

വേണ്ടകർമ്മങ്ങൾ വഴിപോൽ
ചെയ്യിപ്പിച്ചു, ശിശുക്കളെ
വസിഷ്ഠനാം വംശഗുരു
വന്നെഴുത്തിന്നിരുത്തിനാൻ. ൨൪

രാമനിൽ തമ്പിമാർക്കും തൻ-
തമ്പിമാരോടു രാമനും
കൂറൊന്നുപോലെ എന്നാലും
കൂട്ടായി രാമലക്ഷ്മണർ. ൨൫

ഭരതൻ ശത്രുഘ്നനോടും
പൊരുത്തം പൂണ്ടിണങ്ങിനാൻ
കളിപാഠങ്ങൾ സല്ലാപം
കുളിയൂണിതിലൊക്കയും. ൨൬

കണ്ടുനാട്ടാർ കരുതിനാർ
ക്ഷ്മപേന്ദ്ര കുമാരരെ
കുലമാം മാമരത്തിന്റെ
കുരുന്നിണകളെന്നുതാൻ. ൧൭

കളിക്കും കളിയെന്നാകിൽ
പഠിക്കും പാഠവേളയിൽ
മനസ്സുവച്ചുക്കിടാങ്ങൾ
മെച്ചം നേടിടുമേതിലും. ൧൮

കളിയായ് കാട്ടിടും വല്ല-
കുണ്ടാമണ്ടികളെങ്കിലും
വിലക്കീട്ടുള്ള കാര്യങ്ങൾ
വീണ്ടും ചെയ്തീല കുട്ടികൾ. ൧൯

വേദശാസ്ത്രങ്ങൾ വിധിപോൽ
പഠിച്ചു മുനിയോടവർ
അസ്ത്രശസ്ത്രങ്ങളതുപോ-
ലച്ഛനോടും പഠിച്ചിതേ. ൨൦

ശീലംകൊണ്ടും ബുദ്ധികൊണ്ടും
കൂറുകൊണ്ടും കുമാരരിൽ
ലയിച്ചുനാട്ടുകാർക്കുള്ളം
പിതാക്കൾക്കെന്നുചൊൽവുതാൻ. ൨൧

താമസിച്ചെന്നാകിലുമി-
ത്തനയന്മാർ ജനിച്ചവർ
തന്നെക്കാൾ യോഗ്യരാമെന്നു
താതനാശംസതേടിനാൻ. ൨൨

അമാനുഷമഹാവീര്യ-
നിധിയായ് നാലുമക്കളിൽ
ശ്രീരാമചന്ദ്രനാധികം
ശ്രേഷ്ഠനായ്താൻ വിളങ്ങിനാൻ. ൨൩

അശ്ചര്യമമ്മഹാത്മാവിൻ
ചരിതം വിസ്തരിച്ചുതാൻ
വിശ്വമോഹനമാംകാവ്യം
വാല്മീകിമുനി പാടിനാൻ. ൨൪

ശൈശവം കഴിയുംമുമ്പിൽ
ശ്രുതിപ്പെട്ട കുമാരകർ
അമ്മയച്ഛന്മാർക്കുനിത്യ-
മാനന്ദംനൽകിമേവിനാൻ. ൨൫

വന്നിതക്കാലമവിടെ
വിശ്വാമിത്രമഹാമുനി
രാക്ഷസന്മാർ കർമ്മവിഘ്നം
ചെയ്കയാൽ കാട്ടിൽ നിന്നുമേ. ൨൬

വനത്തിൽ വാണു വേദങ്ങ-
ളഭ്യസിച്ചു വിധിപ്പടി
യാഗാദികർമ്മം ചെയ്യുന്ന
യോഗിമാർ മുനിമാരിവർ. ൨൭

ഇവർചെയ്വു പുണ്യകർമ്മ-
മീശ്വരപ്രീതിയോടുംതാൻ
മുടങ്ങാതത്തു രക്ഷിക്ക
മുഖ്യമാം രാജധർമ്മമാം ൨൮

രാക്ഷസോപദ്രവം നീക്കി
യാഗം രക്ഷിച്ചുകൊള്ളുവാൻ
രാമചന്ദ്രനെ യാചിച്ചു
രാജാവോടു മഹാമുനി. ൧൯

ഘോരരാക്ഷസരെങ്ങെന്റെ
കുട്ടിയെങ്ങെന്നുമോൎക്കയാൽ
വിഷാദിച്ചു ദശരഥൻ
പേടിച്ചു മുനിതന്നെയും. ൨൦

തപസ്സിനാൽ മനഃശുദ്ധി
തേടും സത്തുക്കൾ തമ്മുടെ
അസംതൃപ്തിക്കു ലോകാകു-
നാവക്കുണ്ടാമേ പരാം. ൨൧

വേണ്ടാ ഭയം നന്ദനനെ
വിശ്വാമിത്രരൊടൊത്തു നീ
അയയ്ക്കുകവിഭോ! നന്മ-
യുണ്ടാമെന്നാൻ പുരോഹിതൻ. ൨൨

വല്ലവാറും സമ്മതിച്ചു
വിട്ടുരാമനെ മന്നവൻ
ഛായപോൽ പിരിയാത്തോരു
തമ്പി ലക്ഷ്മണനോടുമേ. ൨൩

വില്ലുമമ്പും കയ്യിലേന്തി
വന്ദിച്ചിതവരച്ഛനെ
അദ്ദേഹം തെരുവ പ്പുല്കി
ചുംബിച്ചാശിസ്സുമേകിനാൻ. ൨൪

മാതാക്കൾ പിന്നെ മിഴിനീർ
തുടച്ചു വിടനൽകിനാർ
മുന്നോർകളെ മനക്കാമ്പി-
ലോർത്തും മുനിയെയോർത്തുമേ. ൩൫

കാട്ടു രാക്ഷസരെന്നല്ല
യുദ്ധമെന്നൊക്കെയോർക്കയാൽ
കൌതൂഹലം തേടിസിംഹ-
ശൂരന്മാരക്കുമാരകർ. ൩൬

പോയി വിശ്വാമിത്രരുടെ
പിമ്പേയുത്സാഹമാർന്നിവർ
വായുവിൻ പിമ്പുവില്ലാർന്ന
രണ്ടുമേഘങ്ങൾ പോലവേ. ൩൭

കടന്നുഗോപുരമിവർ
കടന്നുതെരുവീഥികൾ
സരയൂനദി കല്ലോലം
തല്ലും നഗരസീമയും. ൩൮

അക്കരയ്ക്കിവരെത്തുമ്പോ-
ളസ്തമിച്ചിതു ഭാനുമാൻ
അന്നത്തെ യാത്രയവിടെ
നിർത്താനോതിയമാതിരി. ൩൯

സന്ധ്യാനുഷ്ഠാനവുംചെയ്തു
ഭക്ഷിച്ചങ്ങവർ മൂവരും
സാധാരണജനം പോലൊ-
രമ്പലം പൂക്കുറങ്ങിനാർ. ൪൦

രാവിലേ കാററിലാഞ്ഞാടും
കതിർത്തുന്നിലങ്ങളും
പക്ഷിക്കൂവും പൊയ്കകളും
പാർത്തു യാത്രതുടങ്ങിനാർ. ൪൰൭

പാടത്തിൽ വെള്ളംപായിക്കും
പല കൈത്തോട്ടമപ്പുറം
കണ്ടാർ കാലികൾ തിങ്ങിപ്പോ-
മൂടുപാതകൾ താനുമേ. ൪൰൮

പാർത്താർ വയ്ക്കോൽപന്തലാന്ന
കരവാരം പറമ്പുകൾ
തൊഴുത്തും കളവും ചേൎന്ന
പുല്ലുമേഞ്ഞ ഗൃഹങ്ങളും. ൪൰൯

ഭാണ്ഡവും പേറിയാത്രക്കാർ
പോവതങ്ങിങ്ങു കണ്ടിതു;
നീണ്ടു നീണ്ട നടയ്ക്കാവും
കണ്ടൂ നിഴൽ മരങ്ങളും. ൫൰

മാറെറാലിക്കൊണ്ടു ഗോപാല-
ശ്ശുതം മുരളി കേട്ടിടും
മേച്ചിൽ സ്ഥലങ്ങളും വണ്ടു
മൂളും കുററി വനങ്ങളും. ൫൰൧

മറേറാരോന്നും കണ്ടു രസം
പൂണ്ടുമമ്പാൎന്നിടയ്ക്കിടെ
മുനിയോതുന്ന കഥകൾ
കേട്ടും പോയിതു ബാലകർ. ൫൰൨

(യുഗ്മകം)

ദൂരെക്കറുത്തെഴും കുന്നിൻ
കൂട്ടം കണ്ടവർ ചോദ്യമായ്
ഇങ്ങാണോ യാഗമിവരോ
രാക്ഷസന്മാർ മഹാമുനേ? ൩൭

അപ്പുറത്തിടവപ്പാതി
മേഘം മാനത്തിലെന്നപോൽ
ഭൂമിമേൽ വാച്ചു നീലിച്ച
കൊടുങ്കാടവർ കണ്ടിതു. ൩൮

പ്രാന്തങ്ങളിൽ പക്ഷിവൃന്ദം
പാടുന്നു തരുവല്ലിമേൽ
ശോഭിക്കുന്നു പൂക്കൾ പുഷ്പ-
ഗന്ധം വീശുന്നു കാറ്റുകൾ. ൩൯

എന്നാലുള്ളിൽ സമുദ്രത്തിൻ
കയംപോലെ ഭയാനകം
ഇരുട്ടും നിശ്ശബ്ദതയു-
മാന്നു ഗംഭീരമാ വനം. ൪൦

തലയോടെല്ലു തോലൊക്കെ
ത്തുത്തിരുന്നിതതാതിടം
നര തിന്നുഗ്ജന്തുജാതികളെ-
ക്കൊന്നുംകൂട്ടിയിരുന്നിതേ. ൪൧

വല്ലാത്ത ദുർഗ്ഗന്ധിമായു
തിങ്ങും വനമതിന്നുമേൽ
കഴുകന്മാരംബരത്തിൽ
വട്ടംചുററി പ്പറന്നിതേ. ൪൨

കയത്തിൽ മുതലപോയിട്ടാത്തി
ക്കാട്ടിൽ താടകരാക്ഷസി
ഭയത്തെ നൽകിമേവുന്നു
പാന്ഥർക്കെന്നോതിനാൻ മുനി. ൫൩

കണ്ടും ഭയങ്കരക്കാഴ്ച
കേട്ടും രാക്ഷസിതൻകഥ
രണാത്തിൽ കൌതുകംപൂണ്ടും
രാമൻ ഞാണൊലികൂട്ടിനാൻ. ൫൪

അതുകേട്ടധികം ക്ഷോഭി-
ച്ചലറിപ്പാഞ്ഞെടുത്തിതു
കൊടുങ്കാറ്ററു കോപിച്ച
കരുങ്കടലുപോലവൾ. ൫൫

പിടിച്ചുതിന്മാനണയും
രാക്ഷസത്തിയെ നീതിയാൽ
പെണ്ണെന്നോർക്കേണ്ടെന്നുമുനി
യോതി;—യമ്പെയ്തു രാഘവൻ. ൫൬

രാമാസ്ത്രം മാറിലേറ്റേറ-
രക്തം ചിന്തി നിശാചരി
ബാലാർക്കകിരണം തട്ടി
രാത്രിപോൽ ഭൂവെടിഞ്ഞിതേ. ൫൭

ഊർജ്ജസ്വലൻ രാഘവന്റെ
യൊന്നാമത്തെ പരാക്രമം
കണ്ടത്ഭുതപ്പെട്ടു തമ്പി
ലക്ഷ്മണൻ മുനിവര്യനും ൫൮

അഭിനന്ദിച്ചു വിജയ-
മാശ്ലേഷിച്ചു സഹോദരർ
അവൎക്കു മുനിയാശിസ്സു-
മേകീ ദിവ്യാസ്ത്രവിദ്യയും. ൪൯

വീണ്ടും നടന്നുചെന്നെത്തീ
വിഖ്യാതം വാമനാശ്രമം
അക്കാട്ടിലാരാവുപോക്കീ
യൎക്കചന്ദ്രാഗ്നി സന്നിഭർ. ൫൦

അടുത്തനാൾ കുമാരന്മാർ
മുനിയെപ്പിന്തുടൎന്നിതു
അടുത്തു സിദ്ധാശ്രമമെ-
ന്നതികൌതുഹലത്തൊടും ൫൧

അങ്ങാണു വിശ്വാമിത്രന്റെ
യതിരമ്യ തപോവനം
അങ്ങാണുയാഗ മവിടെ-
യാണു രാക്ഷസബാധയും. ൫൨

അരികിൽ കണ്ടു ബാലന്മാ-
രങ്ങങ്ങായൂടുപാതകൾ
വരിനെല്ലിൻ വിളവുകൾ
വൃക്ഷവാടികൾ താനുമേ. ൫൩

കണ്ടു മുറിച്ചുകൊമ്പൊന്നു
കുററിച്ചമത പൂപ്പതും
അരിഞ്ഞെഴും മൂട്ടിൽനിന്നു
പൂത്തവർ ദൎഭമുളപ്പതും. ൫൪

വില്ലുമമ്പുംകാണുകിലും
വകവായ്ക്കാതെമാൻനിര
പുല്ലുമേയുമതെന്നല്ല
പോവോരെപ്പാർത്തുനില്പതും. ൫൬

വല്ലിയും ശാഖയുംപൂത്ത
വന്മരങ്ങളതാതിടം
വാച്ചുനിന്നിതു വാനത്തോ-
ടന്തിപ്പൂമുകിൽപോലവേ. ൫൭

പൊയ്കക്കരകളിൽ താണ
തരുശാഖകൾതോറുമേ
തോരാൻകെട്ടും വല്ക്കലങ്ങൾ
പൂങ്കാററിൽപാറി[illegible]റിത്തു. ൫൮

ഇലക്കടിഞ്ഞിലോരോന്നു
കാണുമാറായിടയ്ക്കിടെ
അടിച്ചുമെഴുകിപ്പൂവി-
ട്ടുള്ള മുററങ്ങളോട്ടുമേ. ൫൯

അപ്പോൾ ദൂരത്തിലിവരെ
കണ്ടിതാശ്രമവാസികൾ
അംഗമാന്നു നടന്നെത്തും
മൂന്നഗ്നികൾകണക്കെ താൻ. ൫൯

വില്ലാന്ന രഘുപുത്രന്മാ-
രൊത്തെത്തും മുനിനാഥനെ
വഴിയിൽചെന്നു വന്ദിച്ചു
ശിഷ്യന്മാരെതിരേററിതു. ൬൦

ഇവരാശ്രമവാടത്തി-
ലെത്തുംമുമ്പേയൊരുക്കിനാർ
ജലം,മാസനം,മർഘ്യങ്ങ-
ളെല്ലാമങ്ങു തപസ്വികൾ. ൧൫

വന്ദിച്ചു രാജപുത്രന്മാർ
വന്ദ്യന്മാരാം മുനീന്ദ്രരെ
അബ്ബാലന്മാരെയാമോദി-
ച്ചാശ്ലേഷിച്ചു തപോധനർ. ൧൬

തലോടി രാമനെപ്പാരം
താടകാനിഗ്രഹത്തിനായ്
അടമ്പുട്ടത്ത വലംകൈത്തി-
ലാദ്യം ചുംബിച്ചുകൊണ്ടവർ. ൧൭

കുശലപ്രശ്നങ്ങൾകേട്ടും
കണ്ടും സൽക്കാരസംഭ്രമം
മുനിവേഷങ്ങൾ വീക്ഷിച്ചും
മോദം പൂണ്ടുകുമാരകർ. ൧൮

ജടക്കൂട്ടികെട്ടിവയ്പ്പോർ
താടിനീട്ടി വളർത്തുവോർ
തോലൊ മരപ്പട്ടയോ കൊ-
ണ്ടരമാത്രം മറയ്ക്കുവോർ. ൧൯

ശോഷിച്ചാത്തുന്നവർ ചിലർ
ഭസ്മംപൂശീടുവോർ ചിലർ
കൂടീ തപസ്വിമാർവന്ന-
ങ്ങെല്ലാരും വേദവേദികൾ. ൨൦

വിശ്രമിച്ചന്നു സുഖമാ-
യേവരും യജ്ഞവാടിയിൽ
വിശ്വാസമാൻപിറേറന്നാൾ
യാഗകർമ്മം തുടങ്ങിനാർ. ൭൭

ഒരുക്കീ വേദി, മുറപോ-
ലാരംഭിച്ചു ജപങ്ങളും
ഹോമങ്ങളും താപസന്മാർ
തർപ്പണങ്ങളുമങ്ങുടൻ. ൭൮

രാമനും ലക്ഷ്മണൻ താനും
രക്ഷയ്ക്കായ് യജ്ഞവാടിയിൽ
രണ്ടുദിക്കുകളിൽ കയ്യിൽ
കുലവില്ലേന്തിനിന്നിതു. ൭൯

'വരുവിൻ രാക്ഷസന്മാരെ!
യിനിയെന്നഗ്നിനിർഭയം
കത്തിക്കാളും ജ്വാലകളാം
കയ്യുയർത്തിവിളിച്ചിതു. ൮൦

ഹോമധൂമങ്ങളാകാശം
മൂടിയുടനവയ്ക്കുമേൽ
കാണുമാറായ് രാക്ഷസരെ
ക്കാർമ്മുകിൽ ചാർത്തുപോലവേ. ൮൧

കഠോരമാം പല്ലിളിച്ചു
കാണിച്ചുമിന്നലെന്നപോൽ
ഇടിവെട്ടുംമട്ടുദ്ഘുഷ്ടർ
ചെയ്യുമ്പോളാട്ടഹാസവും. ൮൨

വർഷിക്കയും ചെയ്തു മാംസ-
കബളം തുപ്പിയെങ്ങുമേ
ലന്തപ്പഴംപോൽ വലുതാം
രക്തബിന്ദുക്കളങ്ങവർ. ൪൩.

എപ്പോഴിതെല്ലാം കാണായി-
തെപ്പോൾ പേടിച്ചു താപസർ
അപ്പോൾ നിറച്ചു കാകുൽസ്ഥ-
രമ്പാലാകാശ മണ്ഡലം. ൪൪

ഇരച്ചുപൊങ്ങിയസ്ത്രങ്ങൾ
ചണ്ഡമാരുത ശക്തിപോൽ
എങ്ങും നിൽക്കാതെയോടിച്ചു
രാക്ഷസപ്പടയെദ്രുതം. ൪൫

ചീറിത്തുടന്ന ബാണങ്ങ-
ളേററു ചത്തനിശാചരർ
കരും പാറകൾ പോൽദ്ദൂരെ-
ക്കാട്ടിലങ്ങങ്ങുവീണിതേ. ൪൬

സുബാഹുവാം തലവനെ
ക്കൊണ്ടു വീഴ്ത്തി രഘൂത്തമൻ
മാരീചനെന്നവൻ പേടി-
ച്ചോടിപ്പോയ് രക്ഷതേടിനാൻ. ൪൭

ലോകത്തിൻ ഹൃദയംപോലെ
തെളിഞ്ഞു വ്യോമമണ്ഡലം
മുനിമാർ മോദമുൾക്കൊണ്ടു
മുടിച്ചു യാഗകർമ്മവും ൪൮

പിന്നെ പ്രസന്നനായ് ധന്യൻ
വിശ്വാമിത്രൻ കുമാരരെ
ദീക്ഷാസ്നാനത്താൽ നനഞ്ഞ
മാറിൽ ചേർത്തു തലോടിനാൻ. ൯൰

വനാശ്രമവിശേഷങ്ങ-
ളാരാക്ഷസ വധങ്ങളും
അമ്മമാരോടു ചെന്നോതാ-
നൌൽസുക്യം തേടിബാലകർ. ൱

പുറപ്പെട്ടാനവരുമായ്
പിന്നെ വേഗം മഹാമുനി
വൃഥാകാലം കഴിപ്പീല
വിജ്ഞന്മാരൊരുനാളുമെ. ൱൧

കാട്ടേറി മുനിയോടൊത്തു
പോകും രാജകുമാരരേ
വിരഹാശ്രുതടഞ്ഞിട്ടു,
നോക്കിനിന്നു തപസ്വികൾ. ൱൨

ഓരോ കഥകളും ചൊല്ലി-
ബ്ബാലരൊത്തുനടന്നുടൻ
മിഥിലയ്ക്കുള്ളവഴിയിൽ
മുനിചെന്നു തിരിഞ്ഞിതു. ൱൩

കണ്ടുകയത്തിൽ ഗഗനം
ബിംബിക്കും ഗംഗയങ്ങിവർ
കരയ്ക്കഹല്യാവനവും
കണ്ടിതാരാമഭംഗിയിൽ. ൱൪

വിദേഹഗുരുവാകുന്ന
ശതാനന്ദന്റെ യമ്മയാൾ
അഹല്യപൂജിച്ചിവരെ
യയച്ചു മിഥിലയ്ക്കുതാൻ. ൯൫

വിദ്വാൻ വിദേഹനെക്കാണാ-
മെന്നു മോദിച്ചു രാഘവൻ
വീരരാരും കുലയ്ക്കാത്ത
വില്ലുണ്ടെന്നറിഞ്ഞുമേ. ൯൬

അമ്മാർഗ്ഗമായയോദ്ധ്യയ്ക്കു
പോകുവാൻ ദൂരമെങ്കിലും
നടന്നു ദാശരഥിമാ-
രുള്ളിലുത്സാഹമാർന്നുതാൻ. ൯൭

വർദ്ധിച്ചു കണ്ടു ജനസ-
ഞ്ചാരം പുരമടുക്കവേ
കായലെത്തുന്ന ചെറിയ
കാട്ടാറിൽ ജലമെന്നപോൽ. ൯൮

ഭാരംവണ്ടികളാളൊക്കെ-
ത്തിക്കമങ്ങാടികണ്ടിതു
പ്രഭുക്കൾ തണ്ടുംരഥവു-
മേറിപ്പോം രഥ്യകണ്ടിതു. ൯൯

ദിക്ചക്രവാളം ചൂഴുന്ന
നഭോഭിത്തികളെന്നപോൽ
നഗരാന്തങ്ങളിൽ പൊങ്ങി
നെടും കോട്ടകൾകണ്ടിതു. ൧൦൦

അംബരം മുട്ടിനില്ക്കുന്ന
ഗോപുരാഗ്രങ്ങൾ തന്നിലും
കണ്ടുകിടങ്ങിൽ ബിംബിച്ചു
താഴെയും മേഘമാലകൾ. ൨൦൧

ഹിമാലയത്തിൻ ശിഖര-
നിരപോൽ തിങ്ങിയെങ്ങുമേ
കാണുമാറായ് വീഥിതോറും
സൌധങ്ങൾ പലമാതിരി. ൨൦൨

ചലിച്ചു തെരുവിൽചിത്ര-
വസ്ത്രമാർന്ന ജനാവലി
നീളെക്കാണായി പുഴയിൽ
പൂന്തോട്ടം നിഴലിച്ചപോൽ. ൨൦൩

രസമായ് ഗീതവാദ്യങ്ങൾ
നീട്ടിക്കൊടിപറത്തിയും
ലാത്തീകാററങ്ങു കളഭ-
സൌരഭ്യങ്ങൾ പരത്തിയും. ൨൦൪

കാട്ടും മലകളുംപർണ്ണ-
ശാലയും മുനിവൃത്തിയും
കണ്ടുപോന്ന കുമാരക്ക്
കൌതുകം നൽകിയിപ്പുരി. ൨൦൫

എന്നല്ലയോദ്ധ്യയിൽ ചെന്നു
ചേർന്നപോൽ ബാലകർക്കഹോ
എന്തെന്നില്ലാത്തൊരാനന്ദം
തോന്നീ മിഥിലകാണവേ. ൨൦൬

വിശ്വാമിത്രന്റെ വരവു
ദൂതർ ചെന്നറിവിക്കയാൽ
വിരവോടെത്തിയവരെ
മന്ത്രിമാരെതിരേററിതു. ൧൦൭

ശതാനന്ദനോടൊന്നിച്ചാ
ശ്രീമാൻ ജനകഭൂപനെ
അഗ്നിശാലയതിൽ കണ്ടു
വേറെ രണ്ടഗ്നിപോലിവർ. ൧൦൮

ചെയ്താചാരോപചാരങ്ങൾ
ചോദിച്ചു മിഥിലാധിപൻ
എഴുന്നെള്ളാൻപ്രസാദിച്ച-
തെന്തെന്നു മുനിയോടുടൻ. ൧൦൯

വത്സരെല്ലാശരഥിമാ-
രെന്നുകേട്ടാദരിക്കയാൽ
ജനകന്മേലവർക്കുള്ളിൽ
ജനിച്ചു ജനകാദരം. ൧൧൦

ഇവർക്കിണ്ടുള്ളവലിയ
വില്ലുകാണ്മാൻ കുതൂഹലം
എന്നോതി, മുനിരാമന്റെ
യെല്ലാക്കഥയുമോതിനാൻ. ൧൧൧

തേജസ്സുകാൺകിലും ചെയ്ത
വീരവൃത്തികൾ കേൾക്കിലും
തോന്നീല ജനകന്നൊട്ടും
രാമൻ വില്ലേററുമെന്നുടൻ ൧൧൨

എന്നാലുമാജ്ഞയരുളീ
നൃപൻ വന്നെത്തി ചാപവും
ഇരുമ്പുവണ്ടിമേലേററി
വേറെയാളുന്തിമെല്ലവേ. ൧൧൩.

വില്ലാം വൻപാമ്പിനെക്കണ്ടു
കൈക്കരുത്തായ കീരിയെ
വിനയത്താലടക്കീടാൻ
വിഷമിച്ചുകുമാരകർ. ൧൧൪

ഇതുകണ്ടു മുനിശ്രേഷ്ഠൻ
കൺകോണാലാജ്ഞ നൽകിനാൻ
അടുത്തുചെന്നാൻ ശ്രീരാമ-
നങ്ങുനിന്നവർമാറിനാർ. ൧൧൫

കാർകൊണ്ടൽ വർണ്ണനുടനെ
കീഴ്മേലൊന്നു നോക്കിനാൻ
മഴവില്ലെന്നപോലേറെ
മഹത്താമ്ധനുസ്സിനെ. ൧൧൬

താടകാരികുലയ്ക്കും വി-
ല്ലെന്നുകേട്ടുജനങ്ങളും
തിക്കിത്തിരക്കിവന്നെത്തി
ചുററുംനിന്നാഞ്ഞുനോക്കിനാർ. ൧൧൭

നിരന്നു വന്മാളികമേൽ
നിന്നുപെണ്ണുങ്ങളും നോക്കിനാർ
നിലാവിനാൽ വെണ്മാത്തട്ടും
നഭസ്സിൽ താരപംക്തിപോൽ. ൧൧൮

ഇതുമ്പുതുണ്ടായത്ത്രന്ന
യന്ത്രക്കല്പ്പികണക്കഹോ!
കുനിഞ്ഞൂരാമൻ തെല്ലൊന്നു
നിവൎന്നുകയ്യിൽ വില്ലോടും. ൧൧൯

തേജസ്വി ജനകൻമുമ്പി-
ലധനുസ്സേന്തിയങ്ങനെ
മഴമേഘംപോലെ രാമൻ
മോഹനൻനിന്നു കാൽക്ഷണം. ൧൨൦

എന്നിട്ടിടംകയ്യിൽമാററി
യൂഴിയിൽ കുത്തി വില്ലഹോ
കുനിച്ചാൻ കഷ്ഠകയൂഷാ
കരിമ്പിൻ കോലുപോലവൻ. ൧൨൧

ഞാൺവലിച്ചു രാമചന്ദ്രൻ
ഞെരിഞ്ഞു ചാപമൊന്നുടൻ
ഞൊടിയിൽ രണ്ടായ്മുറിഞ്ഞു
ഞെട്ടിപ്പോയ് കണ്ടുനിന്നവർ. ൧൨൨

വിൽമുറിഞ്ഞരവംദ്യോവിൽ
ചേൎത്തുമാറെറാലിവിണ്ണുതാൻ
ലോകൈകവീരൻ ശ്രീരാമ-
നെന്നുചൊല്ലിയമാതിരി. ൧൨൩

കൈച്ചുറുക്കും രാഘവൻെറ
കരുത്തും കണ്ടുകാണികൾ
അതിരല്ലാതെയാശ്ചൎയ്യം
തേടിയാൎത്തുവിളിച്ചിതു. ൧൨൪

അത്ഭുതപ്പെട്ടു ജനക-
നാനന്ദാശ്രുപൊഴിഞ്ഞിതു
വിസ്മയം ലക്ഷ്മണൻ താനും
വിശ്വാമിത്രനുമാന്നിതു. ൧൨൫

ഈവില്ലു കുലയേറ്റുന്ന
വീരനെ സ്സീതയെന്മകൾ
വരിച്ചീടണമെന്നുണ്ടു
പന്തയം വച്ചിരിപ്പുഞാൻ. ൧൨൬

കേട്ടിരിക്കാം ലോകരെല്ലാ-
മതു ഞാനിന്നു ധന്യനായ്
വത്സൻ ദാശരഥിയ്യെന്റെ
വീരശുൽക്കം ലഭിക്കയാൽ. ൧൨൭

എന്നോതിജനകൻപിന്നെ
യാജ്ഞാപിച്ചു സ്വയംവരം
പൊന്മേനിസീതയെക്കൊണ്ടു-
വന്നു രാജപുരന്ധ്രിമാർ. ൧൨൮

കോമളൻ രാമനെക്കണ്ടു
കോൾമയിർക്കൊണ്ടുപൂവുടൽ
കൊച്ചോമനമുഖം സീത
കുനിച്ചരികിൽ നിന്നിതു. ൧൨൯

രാമഭദ്രന്റെ കണ്ഠത്തിൽ
പിന്നെയച്ചെറുപെൺകൊടി
അമ്മമാരരുളിച്ചെയ്ത-
പോലെ മാലയുമിട്ടിതു. ൧൩൦

സീതയാം രോഹിണിയോടും
രാമചന്ദ്രൻ മനോഹരൻ
പരിവേഷ മഹോമാല-
പൂണ്ടുപാരം വിളങ്ങിനാൻ. ൧൩൧

അന്തഃപുരത്തേയ്ക്കുടനേ
വീണ്ടുമായമ്മമാരൊടും
രാമന്റെഹൃദയം കൊണ്ടോ
രാജപുത്രിഗമിച്ചിതു. ൧൩൨

വിവാഹമംഗളത്തിന്നാ-
യൊരുക്കീമിഥിലാധിപൻ
അയോദ്ധ്യക്കായന്നുതന്നെ
യയച്ചു ഗുരുവര്യനെ. ൧൩൩

വൃത്താന്തംകേട്ടുമോദിച്ചു
കുടുംബത്തോടെമോടിയിൽ
പുറപ്പെട്ടു ദശരഥൻ
വസിഷ്ഠനിവരൊക്കയും. ൧൩൪

നാലുനാൾകൊണ്ടെത്തിയിവർ
മിഥിലാപുരസീമയിൽ
നിൎത്തീസേനയെ,യങ്ങെത്തി-
യെതിരേറ്റു മഹീപതി. ൧൩൫

നഗരത്തിലെഴുന്നെള്ളി
യിവരെന്നതുകേട്ടുടൻ
ശ്രീരാമലക്ഷ്മണന്മാരും
ചെന്നുതാണുവണങ്ങിനാർ. ൧൩൬

അച്ഛനുംമൂന്നമ്മമാരും
ഭ്രാതാക്കളവർനാൽവരും
അങ്ങുസന്ധിച്ചപോതുണ്ടോ-
മാനന്ദമതുള്ളാവതോ? ൯൭

കെട്ടിപ്പുണർന്നിതവര-
ങ്ങന്യോന്യം, ഹൃദയങ്ങളിൽ
കുടുംബസ്നേഹജലധി
കരകത്തിയിടിച്ചിതു. ൯൮

വസിഷ്ഠാദികളൊത്തുള്ള
കോസലാധിപനെ സ്വയം
ശതാനന്ദൻ ജനകനും
ശ്രദ്ധവച്ചാദരിച്ചിതു. ൯൯

എന്നല്ല പിന്നെ സ്നേഹത്താ-
ലവരൊന്നായ് ചമഞ്ഞിതു
സൽക്കാരം സ്വീകരിപ്പാനും
സൽക്കരിപ്പാനുമുള്ളവർ. ൧൦൦

പോരാ ദശരഥൻതന്നെ
യങ്ങു സർവ്വാധികാരിയായ്,
കൌസല്യതാനമ്മയായി
ജാനകിക്കങ്ങുകായിലിൽ. ൧൦൧

മഹാ കുടുംബങ്ങളിതു
രണ്ടും ചേർന്നു ലയിച്ചിതു
മേളിച്ചൊഴുകിടും രണ്ടു
മഹാനദികൾ പോലവേ. ൧൦൨

വിവാഹലഗ്നം മുനിമാർ
വിചാരിച്ചറിയിച്ചിതു
ചൊന്നാനപ്പോൾ ദശരഥൻ
തന്നോടു മിഥിലാധിപൻ. ൱൪൨

സീത,യൂർമ്മിളയിച്ചൊന്നോ-
രല്ലാതുണ്ടു മഹീപതേ!
എനിക്കു രണ്ടു പെൺമക്കൾ
കുശധ്വജ കുമാരിമാർ. ൱൪൩

അവർക്കു വത്സൻ ഭരതൻ
ശത്രുഘ്നനിവർ ചേരുമേ
രാമലക്ഷ്മണ വത്സന്മാർ
മററവർക്കെന്നപോലവേ. ൱൪൪

എല്ലാമങ്ങേടെയിഷ്ടം പോ-
ലെന്നോതീ കോസലേശ്വരൻ
എല്ലാവർക്കും സമ്മതമായ്
തീർന്നിതന്നിശ്ചയങ്ങളും. ൱൪൫

പരിഷ്കരിച്ചു നഗരം
പാറീ കൊടികളെങ്ങുമേ
ഭേരീ മൃദംഗ നാദങ്ങൾ
പൊങ്ങീ മംഗളമാംവിധം. ൱൪൬

സാമന്തരും മന്ത്രിമാരും
പൌരമുഖ്യരുമൊക്കയും
സഭയിൽ തിങ്ങി—ഹോമാഗ്നി
സംഭരിച്ചു പുരോഹിതൻ ൱൪൭

മന്ത്രകോടിയുടുപ്പിച്ചു
മങ്കമാർ ചമയിച്ചുടൻ
മനോജ്ഞമാം മണ്ഡപത്തിൽ
സീതയെക്കൊണ്ടുവന്നിതു. ൧൨൯

രാമനും മംഗളസ്നാനം
ചെയ്തൊരുങ്ങി വിധിപ്പടി
രാജീവനേത്രയാൾ തന്റെ
വലത്തായ് വന്നുനിന്നിതു. ൧൩൦

വിവാഹവേഷം പൂമെയ്യിൽ
പൂണ്ടിബ്ബാലവധൂവരർ
വിസ്മയിപ്പിച്ചു സഭയെ
സ്വതേയതിമനോഹരർ ൧൩൧

പിന്നെച്ചടങ്ങുപലതും
നടന്നു, മിഥിലാധിപൻ
സീതതൻ കൈത്തളിർപിടി-
ച്ചുവ്പിച്ചു രാമപാണിയിൽ ൧൩൨

പൊന്മേനിയാൾ പിടിച്ചോരാ-
ക്കാർവർണ്ണൻ കൈ ലസിച്ചിതു
പൂത്തനായ് പൂത്ത ചെറിയ
കൊന്നതൻ കൊമ്പുപോലവേ. ൧൩൩

പാരത്താരാനന്ദാശ്രുചിന്നി
പ്പൊഴിഞ്ഞു പുഷ്പവൃഷ്ടികൾ
പൊങ്ങിയാശീർവ്വാദകോലാ-
ഹലം—മൂർഛിച്ചുവാദ്യവും. ൧൩൪

മുഹൂർത്തങ്ങളിവണ്ണംതാ-
നോർത്തു മുൻചൊന്നപോലവേ
മൂന്നുസോദരരും മൂന്നു-
മുഗ്ദ്ധാംഗികളെ വേട്ടിതു. ൧൫൫

പിന്നെസ്സദ്യകളും മററും
നടന്നുപൊടിപൂരമായ്
പിരിവാൻകാലമായ്——ക്ഷീറാൽ
സംബന്ധികൾ കുഴങ്ങിനാർ. ൧൫൬

എൻ പുത്രിമാർ പോയിടുമ്പോ
വീട്ടിന്നു വിളക്കവലി
എന്തിനെന്നായ് സ്ത്രീധനങ്ങൾ
വിദേഹൻ വാരിനൽകിനാൻ. ൧൫൭

പുത്രിമാരെ ദശരഥൻ
കയ്യിലേല്പിച്ചു പാർത്ഥിവൻ
പ്രയാസപ്പെട്ടൊരുവിധം
പിന്നെ യാത്രവഴങ്ങിനാൻ. ൧൫൮

തലോടിയും കൈപിടിച്ചും
തേങ്ങിയും തമ്മിലന്നവർ
തൊഴുതും കണ്ണീർ പൊഴിച്ചു-
മാശ്ലേഷിച്ചും പിരിഞ്ഞിതു. ൧൫൯

ശൂന്യമായ്തോന്നി മിഥില
ശൂന്യമായ് രാജമന്ദിരം
അതിലും ശൂന്യമായ് ഭൂപ-
ന്നാത്മാ ജാനകിപോകയാൽ. ൧൬൦

ആമോദമോടയോദ്ധ്യയ്ക്കു
പോമളവുശരഥാദിയെ
വഴിയ്ക്കു കണ്ടുകോപിച്ചു
വഴക്കായ്ക്കു ഭാൎഗ്ഗവൻമുനി. ൧൩൧

മഴുവേന്തും രാമനവൻ
മലയാളം നികത്തിയോൻ
ക്ഷത്രിയന്മാരെന്നുകേട്ടാൽ
ക്ഷമയില്ലാത്തൊരന്തണൻ. ൧൩൨

രാമൻ താനേകനേയാവൂ
രാഘവൻ പേരുമാററണം
രക്ഷയല്ലെങ്കിലില്ലെന്നാൻ
രണഭീമൻ തപോധനൻ. ൧൩൩

എന്നല്ലിവൻ വിദേഹൻെറ
വില്ലൊടിച്ച മഹാപുമാൻ
എൻെറ വില്ലും കുലയ്ക്കേണ-
മെന്നമ്മുനി ശഠിച്ചപോൽ. ൧൩൪

പേടിച്ചുകാൽപിടിക്കുന്ന
പിതാവിൽ കൃപയെന്നിയേ
പരുഷം ചൊല്ലുമവനെ
പ്പിന്നെക്കുസീലരാഘവൻ. ൧൩൫

വില്ലിങ്ങുതരികെന്നാഞ്ഞു
വാങ്ങിനാൻ കുലയേററിനാൻ
വലിച്ചമ്പുതൊടുത്താനാ-
വീൎത്തുചാൻ രഘുനന്ദനൻ. ൧൩൬

അയ്യോ! നമ്മെവധിച്ചേക്കു
മമാനുഷ യുവാവിവൻ
എന്നുപേടിച്ചു ഭയവു
മന്നറിഞ്ഞിതു ഭാർഗ്ഗവൻ. ൱൩൭

താണുകൂപ്പീടുമവനെ
ക്ഷത്രധർമ്മം നിനച്ചുടൻ
തേജോവധം ചെയ്തുരാമൻ
വിട്ടുവിപ്രതപമോർത്തുമേ. ൱൩൮

ഭയതോന്നും ഭൃഗുസുതൻ
തലതാഴ്ത്തിയതോർക്കുകിൽ
ജാതിവൈരം പുലർത്തുന്ന
ജള്ളന്മാക്കിതുപാഠമാം. ൱൩൯

തൻമുമ്പിൽ കണ്ടപുത്രന്റെ
യീയലൌകിക വിക്രമം
താതൻ ദശരഥൻപൂണ്ട
ധന്യത മതിരുള്ളതോ.? ൱൪൰

വീണിതേ കമ്പിട്ടുംരാമ-
ശിരസ്സിൽ ഹർഷഹേതുവാൽ
താതാശ്രുവും വസിഷ്ഠന്റെ
യാശീർവ്വചനധാരയും. ൱൪൧

മൂക്കിൽ ചേർത്തുള്ളവിരലും
നീക്കിട്ടരികിലെത്തവേ
അമ്മമാരും ജാനകിയു-
മുമ്മവച്ചിതുരാമനെ. ൱൪൨

കുടുംബപരിവാരങ്ങ-
ളൊത്തുപോയ് പിന്നെ മന്നവൻ
കൊമ്പൻ കാട്ടാനക്കൂട്ടത്തോ
ടെന്നപോൽ ഭയമെന്നിയേ. ൧൭൩

വേളികഴിഞ്ഞുവേണ്ട വിരുതൊടയുമാനന്ദാധികം
ലാളിതരാം കുമാരരോടയോദ്ധ്യയിലെത്തി നൃപൻ;
മാളികമേലുമത്തെരുവിലും മിഴിമൂടിവരും
ധൂളിതട്ടുക്കിലും ജനതന്നിന്നതു നോക്കി സുഖം. ൧൭൪

ബാലകാണ്ഡം കഴിഞ്ഞു.

---

# ബാലരാമായണം.

## ബാലകാണ്ഡം.

---

എൻ. കുമാരൻ ആശാൻ.

---

"എസ്സ്. ആർ. ബുക്ക്ഡിപ്പോ"

തിരുവനന്തപുരം

—:0:—

൨-ാം പതിപ്പ്—കാപ്പി ൩൦൦൦൦.

---

പകൎപ്പവകാശം

---

കൊല്ലം "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടത്തിൽ
അച്ചടിപ്പിച്ചതു്.

൧൦൯൩.

(വില ച      ം.

ഗ്രന്ഥകൎത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിൎമ്മിതമാകുന്നു.